(ബി) റീടെന്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മിക്കവാറും എല്ലാ പ്രവൃത്തികളും പുനഃക്രമീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) 189 എണ്ണം

(ഇ) ഏർപ്പെടുത്തിയിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരള രൂപീകരിക്കുന്നതിനുള്ള നടപടി

1 (5657) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്ഥാന സർക്കാർ പേഴ്സണൽ മാനേജ്മെന്റ് സിസ്റ്റത്തിൽ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ദേശീയ തലത്തിലുള്ള സംവിധാനത്തിന്റെ മാതൃകയിൽ സംസ്ഥാനത്ത് ഒരു കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരള രൂപീകരിച്ചിട്ടുണ്ടോ ;

(സി) സൈബർ ഭീഷണികളും സൈബർ തീവ്രവാദ പ്രവർത്തികളും നേരിടുന്നതിന് പ്രസ്തുത സംവിധാനത്തിൽ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഈ രംഗത്ത് ഇനിയും എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്ഥാന സർക്കാർ (സർവ്വീസ് & പേ റോൾ അഡ്മിനിസ്ട്രേറ്റീവ് റിപ്പോസിറ്ററി ഫോർ കേരള-സ്പാർക്ക്) എന്ന സംവിധാനം എല്ലാ സർക്കാർ വകുപ്പുകളിലേക്കും ജീവനക്കാർക്കുവേണ്ടി നടപ്പിലാക്കി വരികയാണ്. എല്ലാ ജീവനക്കാർക്കും പ്രത്യേക സ്ഥിര ഉദ്യോഗസ്ഥർ നമ്പർ (പെർമനന്റ് എംപ്ലോയി നമ്പർ- പെൻ) ഈ സംവിധാനം ഉപയോഗിച്ച് നൽകുന്നു. സ്പാർക്ക് ഉപയോഗിച്ച് ഒരു ജീവനക്കാരനെ സംബന്ധിച്ചുള്ള എല്ലാ സേവനവേതന വിവരങ്ങളും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രൊബേഷൻ, സർവ്വീസ് റെഗുലറൈസേഷൻ, പ്രൊമോഷൻ, ലീവ്, ഇൻക്രിമെന്റ് അനുവദിക്കുക, ട്രാൻസ്ഫർ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ ശമ്പളബിൽ തയ്യാറാക്കൽ, ശമ്പള കുടിശ്ശിക ബിൽ തയ്യാറാക്കൽ, ഡി.എ. കുടിശ്ശിക ബിൽ തുടങ്ങിയവ ഈ സംവിധാനത്തിൽകൂടി തയ്യാറാക്കാവുന്നതാണ്. ഓരോ ജീവനക്കാരനും അവരവരുടെ ശമ്പളം, വായ്പ, അവധി, വ്യക്തിഗത വിവരങ്ങൾ എന്നിവ കാണുന്നതിനുള്ള സംവിധാനം ഇതിൽ ലഭ്യമാണ്. സ്വന്തമായി ശമ്പളം എഴുതി വാങ്ങാൻ അധികാരമുള്ള ഉദ്യോഗസ്ഥൻമാരുടെ ശമ്പള ബില്ലുകൾ തയ്യാറാക്കാൻ സ്പാർക്ക് വഴി കഴിയും. 2010 ജൂലൈ 22 വരെ സംസ്ഥാനത്ത് 7132 ഓഫീസുകളിൽ സ്പാർക്ക് നടപ്പിലാക്കി കഴിഞ്ഞു.

(ബി) ഉണ്ട്.

(സി&ഡി) ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗ്

2*(5658) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗ് ഏർപ്പെടുത്തുന്നതിനായി ഐ.എം.ജി. യിൽ എന്തൊക്കെ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) വിവരാവകാശ നിയമത്തിൽ പരിശീലനം നൽകുന്നതിനായി ഐ. എം. ജി. യിൽ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നത് ; ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സെക്രട്ടറിയേറ്റ് ജീവനക്കാരുടെ പരിശീലനാവശ്യങ്ങൾ നിറവേറ്റാനായി ഐ.എം.ജി.-യിൽ സ്ഥാപിക്കുന്ന ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഐ.എം.ജി-യെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇൻഡക്ഷൻ പരിശീലന പരിപാടിയുടെ ദൈർഘ്യം 3 ആഴ്ചയായി നിജപ്പെടുത്തിയിരിക്കുന്നു. സർവ്വീസിൽ പുതുതായി പ്രവേശിച്ചിട്ടുള്ള എല്ലാ വിഭാഗങ്ങളിലെയും ജീവനക്കാർക്കായി ഇൻഡക്ഷൻ പരിപാടി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു ബാച്ച് 30 പേർ എന്ന ക്രമത്തിൽ ചുരുങ്ങിയ പക്ഷം

LIBRARY ARCHIVES Kerala Legislative Assembly